DESPATCHED On 24/1/2020

10.1.20

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.957(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.12079/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ഷറഫുദ്ദിൻ ബി.,<br>മാനേജർ,<br>പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഓഫീസ്,<br>ജില്ലാ ആഫീസ്, ആലപ്പുഴ. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സെക്രട്ടറി,<br>കാർഡ് ബാങ്ക് നം. എ-327,<br>ചേർത്തല, ആലപ്പുഴ. | എതിർകക്ഷി |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24/06/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | - |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 15/07/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 20/07/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29/07/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | - |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07/01/2020 - വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്,ആലപ്പുഴ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഷറഫുദ്ദീൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, എ.പി.ഐ.ഒ. ടിയാന്റെ അപേക്ഷ കൈപ്പറ്റുവാൻ വിസ്സമ്മതിച്ചു എന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയില്ല എന്നും മറ്റുമാണ്.

2. ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1) കാർഡ് ബാങ്ക് നം. എ.327 ചേർത്തലയിൽ ശ്രീ. തോമസ് സി.ജെ. എന്നയാൾ ജോലി നോക്കുന്ന തസ്തിക, ഇപ്പോൾ വാങ്ങുന്ന ഗ്രോസ് സാലറി, നെറ്റ് സാലറി എന്നിവ നൽകണമെന്നും

2) ടിയാന്റെ ഒക്ടോബർ 2014 മുതലുള്ള ഗ്രോസ്, ഡിഡക്ഷൻ, നെറ്റ് സ്റ്റേറ്റ്മെന്റ് എന്നിവ നൽകണമെന്നും
3) ടിയാനെതിരെ കെ.എസ്.ബി.സി.ഡി.സി. ഓഫീസ് ആലപ്പുഴയിൽ നിന്നും റിക്കവറി നോട്ടീസ് ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതെല്ലാം തീയതികളിലെന്നും മറ്റുമായി 3 പ്രധാന ഇനങ്ങളിലും ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ എതിർകക്ഷി ബോധിപ്പിച്ചത്, കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ റൂറൽ ഡെവലപ്മെന്റ് ബാങ്ക് സഹകരണ നിയമപ്രകാരം രൂപീകരിച്ചു പ്രവർത്തിക്കുന്ന സ്ഥാപനമാണെന്നും ആയത് ബഹു. സുപ്രീം കോടതിയുടെ വിധി പ്രകാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരങ്ങൾ തേടിയിരിക്കുന്ന സ്ഥാപനം ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം.9017/13 കേസിലെ വിധി പ്രകാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന പൊതുഅധികാരി അല്ല എന്നു കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us